**FRIDAY SERMON / വെള്ളിയാഴ്ച ഖുത്തുബ**

**HAZRAT KHALIFATHULLAH MUNIR AHMAD AZIM (A)**

**21 JUNE 2019**
**17 SHAWWAL 1440 AH**

# THE VALUE OF THE SEA/ OCEAN IN THIS WORLD
# ലോകത്തിൽ സമുദ്രത്തിന്റെ വില : ഒരവലോകനം

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വുദ്, സൂറഃഅൽഫാതിഹ ഓതിയ ശേഷം **ലോകത്തിൽ സമുദ്രത്തിന്റെ വില : ഒരവലോകനം** എന്ന വിഷയത്തെ ആസ്പദമാക്കി വെള്ളിയാഴ്ച ഖുത്തുബ ആരംഭിക്കുകയുണ്ടായി.

സമുദ്രം അല്ലാഹുവിന്റെ ഒരു സൃഷ്ടിയാകുന്നു. അത് മാനവകുലത്തിന്റെ ക്ഷേമത്തിനായി നിലകൊള്ളുന്നു. ഇവയിൽ അന്തർലീനമായി കിടക്കുന്ന അത്ഭുതങ്ങളെകുറിച്ച് ഒരാൾ തന്റെ കഴിവും ബുദ്ധിയും ഉപയോഗിച്ച് ചിന്തിച്ചാൽ, അവയിൽ നിറയെ അല്ലാഹു(ത)യുടെ ദൃഷ്ടാന്തങ്ങൾ ആണ് എന്ന് തിരിച്ചറിയുന്നതാണ്.

മനുഷ്യന് ഒരു സ്ഥലത്തു നിന്നും മറ്റൊരു സ്ഥലത്തേക്ക് യാത്ര ചെയ്യുന്നതിനും അവന്റെ സാധന സാമഗ്രികൾ ഒരു സ്ഥലത്ത് നിന്നും മറ്റൊരു സ്ഥലത്തേക്ക് എത്തിക്കുന്നതിനും സമുദ്രത്തെ ഒരു മാധ്യമമായി ഉപയോഗിക്കാവുന്നതാണ്. അതുപോലെ തന്നെ സമുദ്രം ഒരു ഉപജീവന മാർഗവുമാകുന്നു. അവയിൽ നിന്നും ലഭ്യമാകുന്ന മത്സ്യങ്ങളും, ഉപ്പും, അവയുടെ സംശുദ്ധതയും, അവയുടെ പ്രവാഹവും, വേലിയേറ്റവും വേലിയിറക്കവുമെല്ലാം അനുഗ്രഹത്തിനുമേൽ അനുഗ്രഹം തന്നെയാകുന്നു. സത്യത്തിൽ സമുദ്രം അവസരങ്ങളുടെ, തൊഴിലുകളുടെ ഒരു ലോകം തന്നെയാകുന്നു. മുത്തുകളും, പവിഴങ്ങളും, കടൽസസ്യങ്ങളും, ധാതുക്കളും അങ്ങനെ മനുഷ്യോപകാരപ്രദമായ

പലതും നമുക്ക് സമുദ്രത്തിൽ നിന്നും ചൂഷണം ചെയ്തെടുക്കാവുന്നതാണ്. സമുദ്രം അല്ലാഹു(ത)യുടെ ഒരു വലിയ ദൃഷ്ടാന്തമാകുന്നു. അല്ലാഹു(ത) നമുക്കായി നല്കിയിരിക്കുന്ന അസാധാരണമായ പ്രസ്തുത ദൃഷ്ടാന്തത്തെപറ്റി നാം ഗാഢമായി ചിന്തിക്കേണ്ടതുതന്നെ! സമുദ്രത്തിന് മനുഷ്യജീവിതത്തിൽ വളരെ വലിയ സ്ഥാനമാണുള്ളത്. അന്തരീക്ഷ നിയന്ത്രണത്തിൽ സമുദ്രം വഹിക്കുന്ന പങ്കിനെകുറിച്ച്, നാം ബോധവന്മാരാകേണ്ടതാണ്. മേഘരൂപികരണത്തെകുറിച്ചും, ഭൂമിയിൽ വസിക്കുന്ന മനുഷ്യന്റെ കാലാവസ്ഥ വ്യതിയാനത്തിനും നിദാനമായ സമുദ്രത്തക്കുറിച്ചും നാം ആഴത്തിൽ ചിന്തിക്കേണ്ടതുതന്നെ!

## THE SEA AS A MEANS OF TRASPORT

### ഒരു യാത്ര മാധ്യമം എന്ന നിലയിൽ കടലിനുള്ള സ്വാധീനം

അല്ലാഹു(ത) വിശുദ്ധഖുർആനിൽ പറയുന്നു. ഇതൊരു ദൈർഘ്യമുള്ള വചനമാണ്, ഞാനിതിൽ പറയുന്ന ഭാഗം കടലിനെ പരമാർശിച്ച് അല്ലാഹു(ത) പറയുന്നതാണ്. മനുഷ്യർക്ക് പ്രയോജനപ്രദമായ വസ്തുക്കളും കൊണ്ട് കടലിൽ സഞ്ചരിക്കുന്ന കപ്പലുകളിലും ബുദ്ധി ഉപയോഗിക്കുന്ന ജനങ്ങൾക്ക് നിശ്ചയമായും പലവിധ ദൃഷ്ടന്തങ്ങളുമുണ്ട്. (2:165)

സമുദ്രത്തിൽ സഞ്ചരിക്കുന്ന പർവ്വതങ്ങൾ പോലുള്ള കപ്പലുകൾ അവന്റെ ദൃഷ്ടാന്തങ്ങളിൽപെട്ടതാണ് (42:33)

മുമ്പ് സമുദ്രത്തെ നാം ഉപയോഗിച്ചിരുന്നത് കടന്നുപോകുവാനുള്ള ഒരു വഴി എന്ന നിലയിലാണ്, ഒരു രാജ്യത്തുനിന്ന് മറ്റൊരു രാജത്തേക്ക് പോകുവാനുള്ള ഒരു മാർഗ്ഗം; ഒരു സ്ഥലത്ത് നിന്ന് മറ്റൊരു സ്ഥലത്തേക്ക് പോകുവാനുള്ള ഒരു വഴി! അന്ന് വിമാനം ഉണ്ടായിരുന്നില്ല. ആയതിനാൽ, ആ സമയത്ത് പരിശുദ്ധ പ്രവാചകൻ മുഹമ്മദ് മുസ്തഫ (സ) പ്രവചനം ചെയ്യുകയുണ്ടായി, അതായത് അദ്ദേഹത്തിന്റെ കാലശേഷം സമുദ്രത്തിൽ ഉറപ്പുള്ള കപ്പലുകളുടെ വികാസം ഉണ്ടാകുന്നതാണ്.

ബുഖാരി റിപ്പോർട്ട് ചെയ്ത ഒരു പ്രവാചകവചനത്തിൽ ഹസ്രത് മുഹമ്മദ് മുസ്തഫ(സ) പറഞ്ഞു. എന്റെ ചില പിൻഗാമികളെ എനിക്ക് മുമ്പാകെ കാണിക്കപ്പെടുകയുണ്ടായി. അല്ലാ

ഹുവിന്റെ മാർഗത്തിൽ യുദ്ധം ചെയ്യുന്ന യോദ്ധാക്കളായി. രാജാക്കന്മാർ സിംഹാസനത്തിലെന്നപോലെ ഈ സമുദ്രത്തിലൂടെ അവർ യാത്ര ചെയ്യുന്നു (ബുഖാരി)

ആധുനിക കപ്പലുകൾക്ക് ആയിരക്കണക്കിന് ടൺചരക്കുകൾ കയറ്റികൊണ്ടു പോകുവാൻ കഴിയുന്നതാണ്. കപ്പൽ യാത്രയ്ക്ക് യാതൊരുവിധ തടസ്സവുമില്ലാതെ ചരിത്രത്തിൽ ഇവ പ്രത്യക്ഷമാകുന്നതിന് വളരെ മുൻപ് തന്നെ വിശുദ്ധഖുർആൻ ഇവ സംബന്ധമായി വിവരിക്കുകയുണ്ടായി.

വിശുദ്ധഖുർആൻ 55:25ൽ ഇതു സംബന്ധമായി അല്ലാഹു(ത)പറയുന്നു. കടലിൽ സഞ്ചരിക്കുന്ന മലകളെപോലെ ഉയരം കൂടിയ കപ്പലുകൾ അവന്റേതാണ്. (സൂറ: അറഹ്മാൻ)

ഇതിന്റെ കാരണം മനുഷ്യന്, അല്ലാഹു(ത) സുഖസൗകര്യങ്ങൾ ഒരുക്കുകയും അവനെ ആദരിക്കുകയും ചെയ്യുവാൻ ആഗ്രഹിക്കുന്നു. അതു ഭൂമിയിൽ മാത്രമല്ല സമുദ്രത്തിലും!

വിശുദ്ധഖുർആൻ 17:71ൽ അല്ലാഹു(ത) ഇതു സംബന്ധമായി പറയുന്നതു കാണുക. തീർച്ചയായും നാം ആദം സന്തതികളെ ബഹുമാനിച്ചിരിക്കുന്നു. കരയിലും കടലിലും നാം അവരെ വാഹനത്തിൽ കയറ്റുകയും നല്ല വിഭവങ്ങളിൽ നിന്ന് അവർക്ക് ആഹാരം നല്കുകയും നാം സൃഷ്ടിച്ച നിരവധി സൃഷ്ടികളെക്കാൾ വളരെ ശ്രേഷ്ഠരാക്കുകയും ചെയ്തിരിക്കുന്നു. (സൂറ: ബനീ ഇസ്രായീൽ)

ആയതിനാൽ സമുദ്രം മനുഷ്യന് വളരെയധികം പ്രയോജനകരമാകുന്നു. അവന്റെ സാധനങ്ങൾക്കൊണ്ടു പോകുവാൻ, വളരെ വലിയ വലിപ്പമുള്ള സാധനങ്ങൾ പോലും അവന് സമുദ്രത്തിലൂടെ കൊണ്ടു പോകുവാൻ കഴിയുന്നതാണ്. നിങ്ങൾ നിങ്ങളുടെ നയനങ്ങൾ തുറക്കൂ! എന്നിട്ട് അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളിലേക്ക് നോക്കൂ, അല്ലാഹുവിന്റെ ശക്തി പ്രഭാവം എങ്ങനെയൊക്കെയാണ് പ്രവർത്തിക്കുന്നതെന്ന്! അവന്റെ അനുമതിയോടെ, കപ്പലുകളിലുള്ള ടൺകണക്കിന് ഇരുമ്പുകൾ, കടലുകളിൽ മുങ്ങിപോകാതിരിക്കുന്നതു നിങ്ങൾ കാണുന്നില്ലേ? ഇത് അല്ലാഹുവിന്റെ അതിമഹത്തായ ഒരനുഗ്രഹം തന്നെയാണ്

## THE SEA AS A MEANS OF SUBSISTENCE

### ഒരു ഉപജീവന മാർഗം എന്ന നിലയിൽ സമുദ്രത്തിന്റെ പങ്ക്

അല്ലാഹു(ത) എല്ലാത്തരം മത്സ്യങ്ങളെയും സമുദ്രത്തിൽ നിക്ഷേപിച്ചിരിക്കുന്നു. മാനവന്, ആരോഗ്യദായകമായ ഭക്ഷണം തന്നെയാണ് മത്സ്യം. അല്ലാഹു(ത) വിശുദ്ധഖുർആനിൽ പറയുന്നു. സമുദ്രത്തെ കീഴ്പ്പെടുത്തിയവനത്രെ അവൻ. നിങ്ങൾ അതിൽ നിന്ന് പുതിയ മാംസം ഭക്ഷിക്കുന്നതിനും നിങ്ങൾ ധരിക്കുന്ന ആഭരണ പദാർത്ഥങ്ങൾ നിങ്ങൾ ഇതിൽ നിന്നും പുറത്തെടുക്കുന്നതിനും വേണ്ടി, അതിൽ (ജലത്തെ) പിളർന്ന് ഓടുന്ന കപ്പലുകൾ നിനക്ക് കാണാം. അവന്റെ അനുഗ്രഹത്തിൽ നിന്ന് നിങ്ങൾ അന്വേഷിക്കുന്നതിനും നിങ്ങൾ നന്ദികാണിക്കുന്നതിനും വേണ്ടി (16:15) (സൂറ:അന്നഹ്ൽ)

തീർത്ഥാടനത്തിനായി പോകുമ്പോൾ ഇഹ്റാമിന്റെ അവസ്ഥയിൽ പോലും നമുക്ക് മീൻ പിടിക്കാവുന്നതാണ് എന്നത് ഒരു വസ്തുതയാണ്. യാത്രക്കാർക്ക് ഒരു ഭക്ഷണമായി അല്ലാഹു(ത) സൃഷ്ടിച്ചിരിക്കുന്നു. സമുദ്രയാത്രക്കാർക്ക് അല്ലാഹു (ത) ചെയ്തിരിക്കുന്ന അനുഗ്രഹം എത്ര വലുതാണ് (സൂറ:അൽമാഇദ) 5:97

ഹസ്രത് മുഹമ്മദ് മുസ്തഫ(സ) പറഞ്ഞു. മരണപ്പെട്ട ജീവികളിൽപെടുന്ന തിമിംഗലം പോലും ഭക്ഷിക്കുവാൻ അനുവദനീയമാക്കപ്പെട്ടിരിക്കുന്നു ഹസ്രത് അബൂഹുറൈറ (റ) റിപ്പോർട്ട് ചെയ്തിരിക്കുന്നു. കടൽ സംബന്ധമായി റസൂൽ(സ) പറഞ്ഞിരിക്കുന്നു. ഇവയിലെ (കടലിലെ) വെള്ളം പരിശുദ്ധമാണെങ്കിൽ, മരണപ്പെട്ട എല്ലാ കടൽ ജീവികളും ഭക്ഷണ യോഗ്യമായി അനുവദിക്കപ്പെട്ടിരിക്കുന്നു. (അബൂദാവൂദ്)

യുദ്ധയാത്രയിലായിരുന്ന പ്രവാചക(സ)യുടെ അനുചരന്മാരുടെ ഒരു സംഭവം റിപ്പോർട്ട് ചെയ്തിരിക്കുന്നു. പ്രസ്തുത യാത്രയിൽ നബികരീം (സ)യുടെ ശിഷ്യന്മാർ വിശന്നു വലഞ്ഞു. വഴിമദ്ധ്യേ അവർ ഒരു വലിയ തിമിംഗലം മരിച്ചു കിടക്കുന്നതായി കണ്ടു. എന്നാൽ അത് തീരം അണഞ്ഞിരുന്നില്ല. 14 ദിവസത്തോളം അവർ അതിനെ ഭക്ഷിച്ചു. എല്ലാ സംഘാംഗങ്ങൾക്കും നല്ലൊരു വിഹിതം തിമിംഗല മാംസം ലഭിക്കുകയുണ്ടായി. അങ്ങനെ അവർ മദീനിയിലേക്ക് മടങ്ങിയപ്പോൾ, ഇത് സംബന്ധ

മായി അവർ തിരുമേനി(സ)യോടു പറയുകയുണ്ടായി. അപ്പോൾ റസൂൽകരീം (സ) പ്രസ്തുത ഭക്ഷണത്തെ ഹലാലായി അംഗീകരിക്കുകയുണ്ടായി. ആരുടെയെങ്കിലും കയ്യിൽ ബാക്കി ഉണ്ടെങ്കിൽ, ഒരു വിഹിതം അദ്ദേഹത്തിനു നല്കുവാൻ ആവശ്യപ്പെടുകയും ചെയ്തു. അതേ തുടർന്ന് നബികരീം (സ)നും കുറെ മാംസം നല്കുകയുണ്ടായി. അദ്ദേഹം അതു ഭക്ഷിക്കുകയും ചെയ്തു. (ബുഖാരി, മുസ്ലിം)

## THE PURITY OF THE SEA : കടലിന്റെ ശുദ്ധത

വിവിധ സമയങ്ങളിലായി ഒരു മുസ്ലിം അഞ്ച് പ്രാവശ്യം നമസ്ക്കരിക്കേണ്ടതായിട്ടുണ്ട്. ഒരു സാഹചര്യം ഉടലെടുത്തപ്പോൾ നബികരീം (സ)യുടെ ശിഷ്യർ പ്രവാചൻ (സ)യോടു ചോദിക്കുകയുണ്ടായി. ഞങ്ങൾ പലപ്പോഴും കടലിലൂടെ യാത്രചെയ്യേണ്ടതായിട്ടുണ്ട്. ഞങ്ങൾ വളരെ കുറച്ചു ജലമാണ് കൊണ്ടു പോകുന്നത്. ഞങ്ങൾ വുദൂഅ് ചെയ്യുന്നതിനായി, കൊണ്ടു പോകുന്ന ജലം ഉപയോഗിച്ചാൽ ഞങ്ങൾക്ക് ഒടുവിൽ ദാഹജലമില്ലാതെ വിഷമിക്കേണ്ടതായി വരും. ആയതിനാൽ കടൽ ജലം വുദൂഅ് നായി ഞങ്ങൾക്കുപയോഗിക്കാമോ? അപ്പോൾ പ്രവാചക പ്രഭു മുഹമ്മദ് മുസ്തഫ(സ) പ്രതിവചിച്ചു "നിങ്ങൾക്കുപയോഗിക്കാവുന്നതാണ്, കടൽജലം സംശുദ്ധമാകുന്നു" (തിർമിദി)

കടലിന്റെ പ്രത്യേകത, അല്ലാഹു(ത) അതിനെ വളരെ വിശാലമായി സൃഷ്ടിച്ചിരിക്കുന്നു. അതെ, അത് നിരന്തരം ചലിച്ചുകൊണ്ടിരിക്കുന്നു. സമുദ്രത്തിന്റെ ഉപരിതലത്തിലും താഴെ തലത്തിലും ജലപ്രവാഹങ്ങളുണ്ട്, അവയിൽ തിരമാലകളുണ്ട്, ബാഷ്പീകരണവുമുണ്ട്, ചെറുതും വലതുമായ വേലിയേറ്റങ്ങളുണ്ട്, വേലിയിറക്കങ്ങളുണ്ട്, മഴയുണ്ട്. ഇവയുടെ പരിശുദ്ധത, അത് കാത്തുസൂക്ഷിക്കുന്നത്, അവയുടെ ചലനങ്ങളിലൂടെയാണ്.

മനുഷ്യന്റെ അശുദ്ധതകൾ, സമുദ്രം ആഗിരണം ചെയ്യുന്നതാണ്. അതിലെ അന്തേവാസികളുടെ മലിനജലം, ഉൾക്കൊള്ളുകയും ചെയ്യുന്നതാണ്. ചത്തമത്സ്യങ്ങളെയും, തകർന്നടിഞ്ഞ അവശിഷ്ടങ്ങളെയും അത് ഉൾക്കൊള്ളുന്നതാണ്, ഇത് എപ്പോഴും സംശുദ്ധതയോടെ നിലകൊള്ളുന്നതുമാണ്. അവയിൽ നമുക്കൊരു പാഠമുണ്ട്. എല്ലാ വിധത്തിലുമുള്ള വിഷവസ്തുക്കളും കൊണ്ട് ബോധപൂർവ്വം സമുദ്രത്തെ മലിനപ്പെ

ടുത്താമെന്ന് ഇതിന് അർത്ഥമില്ല. ഹസ്രത് മുഹമ്മദ് മുസ്തഫ (സ) ഈ കാര്യം പറയുമ്പോൾ, നാമിന്നു കാണുന്നതുപോലുള്ള രാസവസ്തുക്കളുടെ മാരകമായ വളർച്ചയൊന്നുമുണ്ടായിരുന്നില്ല. കടൽ സ്വയം സംശുദ്ധമാകുന്നു. വിസ്തൃതിയുള്ളതുമാകുന്നു. എന്നാൽ മനുഷ്യൻ ഇതിന്റെ സംശുദ്ധതയെ മലിനപ്പെടുത്തിയാൽ, ഉഗ്ര യാതനാകരമായ നിലയിൽ അതിനോടു പെരുമാറിയാൽ, അതിന്റെ ഭവിഷ്യത്ഫലം ജനങ്ങളെയും കടൽജീവികളെയും ബാധിക്കുകതന്നെ ചെയ്യുന്നതാണ്. അപ്പോൾ പ്രസ്തുത ജലം ശുദ്ധമായിരിക്കില്ല. ഈ കാര്യത്തെ പറ്റി നാം സദാ ബോധവാന്മാരായിരിക്കണം. അല്ലാഹു(ത) നമുക്ക് നല്കിയിട്ടുള്ളതെല്ലാം സംശുദ്ധമായ അവസ്ഥയിലാണ്. മനുഷ്യനാണ്, അവന്റെ കൈകടത്തൽ മൂലം അവയെ മലിനപ്പെടുത്തുന്നത്.

## TIDES :
## വേലിയേറ്റവും വേലിയിറക്കവും

വേലിയേറ്റവും വേലിയിറക്കവും സൃഷ്ടിക്കുന്നതിന് അല്ലാഹു(ത) ചന്ദ്രനെ ഉപയോഗപ്പെടുത്തുന്നു. അങ്ങനെ സമുദ്രം, ഏകദേശം 6 മണിക്കൂറും 50മിനിട്ടും കഴിയുമ്പോൾ, ഒരു നിശ്ചിത പരിധിവരെ ഉയർന്ന ശേഷം അത് താഴേയ്ക്കു പോകുന്നു. ഒരു വേലിയേറ്റം മത്സ്യങ്ങളെ കരയ്ക്ക് സമീപത്തേക്ക് കൊണ്ടു വരുന്നു. അഥവാ ഉപ്പുവെള്ളത്തടാകത്തിലേക്ക് കൊണ്ടു വരുന്നു. വേലിയേറ്റത്തിന്റെയും വേലിയിറക്കത്തിന്റെയും ഗതിവിഗതികളനുസരിച്ച് മീൻപിടത്തക്കാർ മത്സ്യബന്ധനത്തിലേർപ്പെടുന്നു. ചെറിയ വേലിയേറ്റം നീരാളിയേയും, മുത്തുചിപ്പികളെയും തീരത്തോടടുപ്പിക്കുന്നു. വലിയ വേലിയേറ്റത്തിൽ നീരാളികളെയും മുത്തുചിപ്പികളെയും പിടിക്കുന്നതിന് കൊളുത്തുകളുള്ള വലകൾ ഉപയോഗിക്കുന്നു. മത്സ്യം അവയുടെ പ്രവർത്തനങ്ങൾക്കായി വേലിയേറ്റത്തെയും വേലിയിറക്കത്തെയും ഉപയോഗപ്പെടുത്തുന്നു. മത്സ്യബന്ധനക്കാർ അവരുടെ വലകൾ വലിയ വേലിയേറ്റത്തിൽ സ്ഥാപിച്ചിടുന്നു. സമുദ്രാന്തർഭാഗത്തെ സൗന്ദര്യവും അത്ഭുതവും നമുക്ക എപ്പോഴാണ് കാണുവാൻ സാധിക്കുന്നത്? വലിയ വേലിയേറ്റമുള്ളപ്പോൾ, നമുക്ക് മുങ്ങിത്താഴുവാൻ കഴിയുമെങ്കിൽ നമുക്ക്

അല്ലാഹു(ത) സൃഷ്ടിച്ചിരിക്കുന്ന അത്ഭുതങ്ങളെ ആസ്വദിക്കുവാൻ കഴിയുന്നതാണ്. വെള്ളത്തിൽ പച്ചനിറത്തെ നമുക്ക് നീലയായി കാണുവാൻ കഴിയും. അതുപോലെ ജീവിത നിറങ്ങൾക്ക് മാറ്റം വരുന്നതായി കാണുവാൻ കഴിയും. അതുപോലെ വേലിയേറ്റങ്ങൾ നല്കുന്ന തിരമാലകളുടെ സമ്മർദ്ദത്താൽ ജലത്തിൽ നിന്നും നമുക്ക് കറന്റ് ഉല്പാദിപ്പിക്കുവാൻ സാധിക്കുന്നതാണ്. ചുരുക്കത്തിൽ, ഇൻശാ അല്ലാഹ്, തിരമാലകളുടെ ഊർജ്ജം, ഭാവിയിൽ തുടർന്നുള്ള വികസനത്തിന് പ്രയോജനപ്പെടുത്തുവാൻ സാധിക്കുന്നതാണ്.

## SALT : ഉപ്പ്

സമുദ്രം നമുക്കായി നല്കുന്ന വിഭവങ്ങളിൽപ്പെട്ട ഒന്നാണ് ഉപ്പ്. സമുദ്രജലം വറ്റിക്കുമ്പോൾ, നമുക്ക് ഭക്ഷ്യയോഗ്യമായ ഉപ്പ് ലഭ്യമാകുന്നു. ഉപ്പ് വളരെ പ്രധാനപ്പെട്ട ഒരു ഭക്ഷണമാണ്. അവൻ അത് ദിവസവും സ്വയം കഴിക്കേണ്ടതായിട്ടുണ്ട്. മത്സ്യവും മാംസവും സംരക്ഷിക്കുന്നതിന്, നമ്മുടെ മുൻഗാമികൾ ഉപ്പ് ഉപയോഗപ്പെടുത്തിയിരുന്നു. മുൻഗാമികൾ മത്സ്യങ്ങൾ കേടുകൂടാതെ സൂക്ഷിക്കുവാൻ ഉപ്പിനെ ഉപയോഗിപ്പെടുത്തിയിരുന്നു. ഇപ്പോഴും അപ്രകാരം ചെയ്യുന്നുണ്ട്.

മത്സ്യവും മാംസവും ഉപ്പിട്ട് സൂര്യപ്രകാശത്തിൽ വച്ച് ഉണക്കിയെടുത്ത് സൂക്ഷിക്കാറുണ്ട്. ഇപ്പോഴും ഉപ്പിട്ട് ഉണക്കിയ മത്സ്യം ദീർഘനാൾ സൂക്ഷിച്ച് വെച്ചു ഉപയോഗിക്കുന്നുണ്ട്. യാത്രക്കാർക്ക് ആഹാരമായ മത്സ്യത്തെ പിടിക്കാവുന്നതും, ബാക്കി വരുന്നത് കടലുപ്പിൽ സൂക്ഷിക്കാവുന്നതുമാകുന്നു,

## AND IF THE SEA WAS INK...
## കടൽ മഷി ആയിരുന്നെങ്കിൽ

ആയതിനാൽ നാം കരയേയും, സമുദ്രത്തേയും കാത്തുസൂക്ഷിക്കേണ്ടതാണ്. ഈ പ്രകൃതിയെ മൊത്തത്തിൽ നാം കാത്തുസൂക്ഷിക്കേണ്ടതു തന്നെ! നാം നല്ലവരായിരിക്കുകയും അതുപോലെ നാം മറ്റുള്ളവർക്ക് നന്മ ചെയ്യേണ്ടതുമാകുന്നു. ജനങ്ങളുടെ പ്രയാസങ്ങളെ നാം അംഗീകരിക്കുകയും, അവർക്ക് നാം കുറഞ്ഞത് ഒരു പുഞ്ചിരി എങ്കിലും നല്കേണ്ടതുമാകുന്നു. നാം അവർക്ക് സൗഹൃദവും സമ്മാനങ്ങളും

നല്കേണ്ടതാണ്, അവർക്ക് അല്ലാഹു വഴി കാട്ടിക്കൊടു ക്കേണ്ടതുണ്ട്. അല്ലാഹുവിന്റെ മഹത്വം കാട്ടി കൊടുക്കേണ്ടതുണ്ട്. അവൻ പ്രത്യക്ഷപ്പെടുത്തിയിട്ടുള്ള അവന്റെ പ്രകൃതിയിലെ മഹാത്ഭുതങ്ങൾ അവർക്ക് ബോധ്യപ്പെ ടുത്തികൊടുക്കുക. എന്നിട്ട് അവർക്കായി പ്രാർത്ഥിക്കുക.

വിശുദ്ധഖുർആനിൽ അല്ലാഹു(ത) പറയുന്നു. പറയുക, എന്റെ നാഥന്റെ വചനങ്ങൾ (രേഖപ്പെടുത്തുന്നതിന്) സമുദ്രം മഷിയായിരുന്നെങ്കിൽ, എന്റെ നാഥന്റെ വചനങ്ങൾ അവസാ നിക്കുന്നതിന് മുൻപ് സമുദ്രം വറ്റി പോകുമായിരുന്നു. അതിനു തുല്യമായ മറ്റൊന്ന് (സമുദ്രം) സഹായത്തിന് വേണ്ടി നാം കൊണ്ടു വന്നാൽ പോലും (18:110)

ഞാൻ നിങ്ങളോടു പറഞ്ഞതുപോലെ സമുദ്രം അതിന്റെ പരിശുദ്ധത, അതു കാത്തുസൂക്ഷിക്കുന്നത് അതിന്റെ ചലന ങ്ങളിലൂടെയാണ്. നമുക്കും അല്ലാഹുവിന്റെ പാതയിൽ നിര ന്തരം ചലിച്ചുകൊണ്ടിരിക്കാം. ഹൃദയത്തിന്റെ പരിശുദ്ധത യ്ക്കായി നമുക്ക് നിരന്തരം ഭഅ്‌വ/ പ്രബോധനം ചെയ്തു കൊണ്ടിരിക്കാം. അതിനായി നമുക്ക് നല്ല പെരുമാറ്റ രീതികൾ പിന്തുടരാം, അങ്ങനെ നമ്മുടെ മനസ്സ് ജീവസ്സുറ്റതായി തീരട്ടെ.

അല്ലാഹു(ത) നമ്മുടെ മേൽ ചൊരിഞ്ഞിരിക്കുന്ന അനു ഗ്രഹങ്ങൾ ഒരിക്കലും എണ്ണിതീർക്കാവതല്ല, വിശിഷ്യാ ഇന്ന്, ദൈവീക ദൃഷ്ടാന്തത്തിന്റെ കാലഘട്ടത്തിൽ, ഇന്ന് അല്ലാഹു (ത) സംസാരിച്ചു കൊണ്ടിരിക്കുന്നു. അല്ലാഹു(ത) അവന്റെ ഒരു ദാസനെ ഈ കാലത്തേക്കായി അവൻ ഉയർത്തിയിരിക്കുന്നു. തന്റെ പ്രതിനിധിയായി, തന്റെ ദൂതനായി, ഖലീഫത്തുല്ലാഹ് ആയി, മുഴുലോകത്തിനുമായി ഇതാ, അവൻ നിയോഗിതനായി രിക്കുന്നു. ഈ വീനിതന്റെ മേൽ അല്ലാഹു(ത) ചൊരിഞ്ഞിരി ക്കുന്ന അനുഗ്രഹം അപാരം തന്നെ. ലോകത്തിന്റെ നാലുകോ ണുകളിലും അല്ലാഹുവിന്റെ സന്ദേശം എത്തിക്കുന്നതിനായി, അവന്റെ ദൗത്യം പൂർത്തിയാക്കുന്നതിനായി അവൻ എനിക്കായി വഴികൾ തുറന്നിരിക്കുന്നു. ദൗത്യ പൂർത്തികരണത്തിനായി അസാധാരണമായ അടയാളങ്ങളും അനുഗ്രഹങ്ങളും ഈ വിനീ തന്റെ മേലും ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിന്റെ മേലും അല്ലാ

ഹു(ത) ചൊരിഞ്ഞിരിക്കുന്നു.

അൽഹംദുലില്ലാഹ്! സുമ്മ അൽഹംദുലില്ലാഹ്! മയോട്ടിയിലെയും കോമറോസിലെയും സന്ദർശനം പൂർത്തിയാക്കി ഞങ്ങൾ തിരിച്ചെത്തിയിരിക്കുന്നു. അത് വളരെ പ്രധാനപ്പെട്ട ഒരു ജോലി തന്നെയായിരുന്നു. അതു പൂർത്തിയാക്കാൻ കഴിഞ്ഞു. അൽഹംദുലില്ലാഹ് ! അസാധാരണമായ നിലയിൽ അല്ലാഹു(ത) എനിക്ക് ആ ജോലികൾ പൂർത്തിയാക്കുവാനുള്ള തൗഫീഖ് ചെയ്യുകയുണ്ടായി. ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിന്റെ പുരോഗതിക്കുള്ള അനേകം വഴികൾ അവൻ തുറന്നു തരുകയും ചെയ്തു

**മയോട്ടിയിൽ :** അസാധാരണമായ ഒരാവേശം അവിടെ പ്രകടമായി. അത് സത്യത്തിൽ വർണ്ണനാതീതമാണ്. അല്ലാഹുവിന്റെ ഖലീഫയോടെയുള്ള അസാധാരണമായ ഒരു സ്നേഹാവേശം! ഓരോ നമസ്ക്കാരവേളകളിലും സന്തോഷത്തിന്റെ ഒരു കമ്പനം തന്നെ പ്രകടമാവുകയുണ്ടായി. പള്ളി നിറയെ പുരുഷന്മാരും, സ്ത്രീകളും, കുട്ടികളുമായി നിറഞ്ഞ് കവിഞ്ഞു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ തൊട്ടടുത്ത ഗ്രാമമായ ഗ്രാൻന്റെടെറയിലും ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിന് വളരെ വലിയ വളർച്ചയാണുണ്ടായത്.

നിങ്ങൾക്കറിയാമല്ലോ, നമ്മുടെ ജമാഅത്ത് മയോട്ടിയിൽ, പെറ്റിട്ടെ ടെറയിലാണ്! കുറച്ചു അംഗങ്ങൾ ഗ്രാൻന്റെടെറയിലുമുണ്ട്. എന്നാൽ അല്ലാഹുവിന്റെ അനുഗ്രഹത്താൽ, എന്റെ ഇപ്പോഴത്തെ സന്ദർശനത്തിൽ, ഗ്രാൻന്റെടെറയുടെ തെക്ക് ഭാഗത്തുള്ള വളരെയധികം ആളുകൾ, ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിൽ പ്രവേശിക്കുകയുണ്ടായി.

എന്റെ ഈ സന്ദർശനവേളയിൽ, സമുന്നതരായ അനേകം വ്യക്തികളുമായി, അനേകം കൂടികാഴ്ചകളും, യോഗങ്ങളും, പരിപാടികളും അവിടെ നടക്കുകയുണ്ടായി. അൽഹ്ദുലില്ലാഹ്! സുമ്മ അൽഹം ദുലില്ലാഹ്!

**IN THE COMMOROS : കോമറാസിൽ :** ഞാൻ വിമാനത്തിൽ നിന്നറങ്ങിയ ഉടൻ തന്നെ, ഞാൻ അതിശയിച്ചുപോയി! നമ്മുടെ അംഗങ്ങൾ ഇത്ര വലിയ ഒരു സ്വാഗതമോതുമെന്ന്

ഞാൻ കരുതിയിരുന്നില്ല. അവരെല്ലാം പുതിയ അംഗങ്ങളോടൊപ്പമാണ് വന്നത്. അവരുടെ മുഖാരവൃന്ദങ്ങളിൽ ഒരു സന്തോഷത്തിളക്കം എങ്ങും ദൃശ്യമായിരുന്നു. സംതൃപ്തിയും സ്നേഹവും വിളയാടി നിന്നു. ഇതവരുടെ സ്വാഗതത്തിൽ തന്നെ പ്രകടമായിരുന്നു. അതിശക്തമായ ഒരു കൊടുങ്കാറ്റ് കോമറോസിനെ മുഴുവൻ സംഹാരതാണ്ഡവമാടിയ ശേഷമുള്ള ഒരു പ്രയാസ സാഹചര്യത്തിലാണ് അവർ ഇത്തരം ഒരു സ്വീകരണം അവിടെ ഒരുക്കിയത് എന്നറിയുമ്പോൾ അവരുടെ ആത്മാർത്ഥത എത്ര വലുതാണ് എന്ന് നമുക്ക് ചിന്തിക്കുവാൻ കഴിയുന്നതാണ്. രാജ്യം മുഴുവൻ ഒരു പ്രയാസ സാഹചര്യത്തിൽ നീങ്ങിക്കൊണ്ടിരിക്കുന്നു. കൃഷികളെല്ലാം നശിച്ചു. മൃഗങ്ങളൊക്കെ ചത്തൊടുങ്ങി. ആയിരക്കണക്കിന് വീടുകൾ തകർന്നടിഞ്ഞു.

അല്ലാഹു(ത)യുടെ പ്രത്യേകമായ അനുഗ്രഹത്താൽ, എനിക്ക് പറയുവാൻ കഴിയും, പ്രസ്തുത പ്രദേശത്ത് അതിശക്തമായ കൊടുങ്കാറ്റ് ആഞ്ഞുവീശുകയുണ്ടായി, അനേകം വീടുകൾ തകർന്നടിഞ്ഞു. വൃക്ഷങ്ങളും, വൈദ്യുത തൂണുകളും കടപുഴകി, തുടർന്ന് വൈദ്യുതിബന്ധം വിഛേദിക്കപ്പെട്ടു. എന്നാൽ നമ്മുടെ അംഗങ്ങളുടെ അനേകം വീടുകൾക്കും യാതൊന്നും സംഭവിച്ചില്ല. അവർ വളരെ ദരിദ്രരായിരുന്നെങ്കിലും, അവരുടെ വീടുകൾ ഇരുമ്പുഷീറ്റുകളും വൈക്കോലുകളും കൊണ്ട് മേഞ്ഞതായിരുന്നെങ്കിലും, നമ്മുടെ സ്കൂളുകളും, പള്ളിയും നിർമ്മിച്ചത് ഷീറ്റ് മെറ്റൽ കൊണ്ടാണെങ്കിലും, അവയ്ക്കും യാതൊരു കേടുപാടുമുണ്ടായില്ല. അവിടുത്തെ എല്ലാ ജനങ്ങളും അല്ലാഹുവിന്റെ ഈ ദിവ്യാ അത്ഭുതത്തിന് സാക്ഷ്യം വഹിക്കുകയുണ്ടായി.

നമ്മുടെ അംഗങ്ങൾ, ഇതിനു മുമ്പ്, അനേകം ദൃഷ്ടാന്തങ്ങൾക്ക് സാക്ഷ്യം വഹിച്ചിട്ടുള്ളവരാണ്. ഇപ്പോൾ ഞാൻ അവരോടു അതേകുറിച്ച് പറയേണ്ടതില്ല. എന്നാൽ ജമാഅത്തു സ്സഹീഹിൽ ഇസ്ലാമിൽ പ്രവേശിച്ചിട്ടില്ലാത്ത അനേകർ, എന്നെ സമീപിക്കുകയും എങ്ങനെയാണ് അല്ലാഹു(ത) താങ്കളുടെ ജമാഅത്തിലെ അംഗങ്ങളെ സംരക്ഷിച്ചത് എന്ന് ചോദിക്കുകയുമുണ്ടായി. ഈ അത്ഭുതങ്ങളെ കുറിച്ച് അവർ തന്നെ

എന്നോടു പറയുകയുണ്ടായി. അവരെ ഏറ്റവും കൂടുതലായി അത്ഭുതപ്പെടുത്തിയത് അവിടെ എങ്ങും വൈദ്യുതി ഇല്ല എന്നതാണ്, എന്നാൽ നമ്മുടെ പള്ളയിൽ മാത്രം വൈദ്യുതിയുണ്ട്. സ്പീക്കറിലൂടെ അവിടെ നിന്ന് ബാങ്ക് വിളി അവർക്ക് കേൾക്കുവാൻ കഴിയുന്നു. അങ്ങനെ ജമാഅത്തായി നമസ്കാരം നിർവ്വഹിക്കുവാനും കഴിയുന്നു.

വാർത്താമാധ്യമങ്ങളുടെ സാന്നിധ്യവും, ഞാൻ അവിടെ എത്തിചേർന്നപ്പോൾ ഉണ്ടായി എന്നതും, അവർ എന്നോടു ചോദിച്ച ചോദ്യങ്ങളും മറുപടിയും കോമറോസ് മുഴുവൻ പ്രക്ഷേപണം ചെയ്യുകയുമുണ്ടായി. (കോമറോസിൽപെട്ട അനേകം ദ്വീപുകളിൽ) പ്രസ്തുത എല്ലാ ദ്വീപുകളിലും ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിനെ കുറിച്ചറിയാൻ കഴിഞ്ഞു എന്നത് പ്രത്യേകം പ്രസ്താവ്യമാണ്. ഇസ്ലാമിക് കോടതിയുടെ പിൻബലത്തോടെ മുല്ലാക്കൾ രംഗത്തു വന്ന പ്രശ്നങ്ങൾ ഉണ്ടാക്കുവാൻ ശ്രമിച്ചെങ്കിലും, മറ്റുള്ളവർ മുന്നോട്ടുവരുന്നതിനെ തടയുവാൻ അവർക്ക് കഴിഞ്ഞില്ല. എന്നു മാത്രമല്ല ഈ വിനീത ദൈവദാസന്റെ സന്ദേശത്തെ വിശ്വാസിക്കുന്നതിൽ നിന്നും (അവരെ തടയുവാൻ കഴിഞ്ഞില്ല) അവരെ പിന്തിരിപ്പിക്കുവാൻ കഴിഞ്ഞില്ല.

അൽഹംദുലില്ലാഹ്, നമ്മളൊരു വായനശാല/പുസ്തകശാല അവിടെ തുറന്നു. അനേകർ ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിൽ പ്രവേശിച്ചു. നമ്മുടെ കുട്ടികളെ പഠിപ്പിക്കുന്നതിനായി മൂന്ന് മദ്രസ്സുകൾ തുറന്നു. പുതിയ അംഗങ്ങൾക്ക് അവിടെ (മദ്രസ്സയിൽ) ജുംആ നമസ്ക്കരിക്കുവാനും ഉപയോഗിക്കാവുന്നാണ്. അവിടം ഉപയോഗപ്പെടുത്തി കോമറോസ് തലസ്ഥാനത്ത് മസ്ജിദ് നിർമ്മക്കാവുന്നതുമാണ്. ഇൻശാ അല്ലാഹ് ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിന്റെ ഏറ്റവും വലിയപള്ളി, കോമറോസ് തലസ്ഥാനത്തു ഉണ്ടാകുന്നതാണ്. നമ്മുടെ സംഭാവനകൾ അതിനെ യാഥാർത്ഥ്യമാക്കുന്നതാണ്. പ്രാദേശിക സംഭാവനകളും, ഇൻഡ്യയിലെ ചില അംഗങ്ങളുടെ സംഭാവനകളും, മൗറിഷ്യസിലെ രണ്ട് സഹോദരിമാരുടെ സംഭാവനകളും (അവർ ജമാത്തുസ്സഹീഹിൽ ഇസ്ലാമിലെ അംഗങ്ങളല്ല) എന്റെ കുടുംബത്തിന്റെയും, എന്റെയും സംഭാവനകൾ ഇതിനായി ഉപയോഗിക്കപ്പെടുന്നതാണ് അൽഹംദുലില്ലാഹ്!

2019 ജൂൺ 18 ചൊവ്വാഴ്ച മുതൽ പ്രസ്തുത മഹത്തായ പള്ളിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഊർജ്ജസ്വലമായിരിക്കുകയാണ്. പള്ളിക്ക് ഒരു നില ആയിരിക്കും, അത് നിർമ്മാണത്തിലാണ്. സ്ത്രീകൾക്കും പുരുഷന്മാർക്കും പ്രത്യേക സൗകര്യങ്ങൾ ഉണ്ടായിരിക്കും. ഓഫീസുകളും ഉണ്ടായിരിക്കും. ഇൻശാ അല്ലാഹ് ഒരു ലൈബ്രറിയും, ക്ലാസ് റൂമുകളും ഉണ്ടായിരിക്കും, അത് ദീനിപഠനത്തിനും അക്കാഡമിക് പഠനത്തിനും ഉപയോഗിക്കുന്നതായിരിക്കും ഇൻശാ അല്ലാഹ്!

അൽഹംദുലില്ലാഹ്! ഇത് എന്റെ സന്ദർശനത്തിന്റെ ഒരു സംഗ്രഹമാണ്, ഈ നല്കിയത് മയോട്ടിയിലും കോമറോസിലും ചെയ്ത പ്രവർത്തനങ്ങളുടെയും സംഗ്രഹമാണ്, എല്ലാം എനിക്കിതിൽ വിവരിക്കുവാൻ കഴിയില്ല. അല്ലാഹു(ത) എനിക്ക് നല്കിയ അനുഗ്രഹങ്ങൾ-ഇന്നത്തെ ഈ ഖുത്തുബയിലൂടെ എല്ലാം പ്രകാശിപ്പിക്കുവാൻ അസാധ്യമാണ്. ദൈവീക അടയാളങ്ങൾ കാണപ്പെടുമ്പോഴെല്ലാം ഞാൻ ഈ വെളിപാടിനെ പറ്റി ചിന്തിക്കാറുണ്ട്, പ്രസ്തുത വെളിപാട് എനിക്ക് അവൻ നല്കിയതാണ്. ഈ ലോകം മുഴുവൻ നിന്നോടൊപ്പമുണ്ടെങ്കിൽ, എന്നാൽ അല്ലാഹു(ത) നിന്നോടൊപ്പമില്ലെങ്കിൽ, നിന്നോടൊപ്പം ഒന്നുമില്ല. എന്നാൽ അല്ലാഹു(ത) നിന്നോടൊപ്പമുണ്ടെന്നിരിക്കെ മറ്റാരുമില്ലെങ്കിലും, നിന്നോടൊപ്പം എല്ലാമുണ്ട്, അൽഹംദുലില്ലാഹ്! സുമ്മ അൽഹംദുലില്ലാഹ്! അല്ലാഹു(ത)യുടെ അപാരമായ അനുഗ്രഹത്താൽ, ഞാൻ ഈ ദൈവീക വാക്കുകളിലാണ്, ജീവിച്ചു കൊണ്ടിരിക്കുന്നത്, പ്രസ്തുത വാക്കുകൾ ആകാശത്തു നിന്നും വന്നതാണ്. മാശാ അല്ലാഹ്! അല്ലാഹു അക്ബർ. ഇൻശാ അല്ലാഹ് -ആമീൻ!

*Translated & Issued By :*
*R. Jamaludin Raother*
*Amir - Jamaat Ul Sahih Al Islam*
*South Zone - Kerala, India*
*E-mail : jamal.raother@gmail.com*
*Web : www.jamaat-ul-sahih-al-islam.com*
*Blog : www.sahih-al-islam.blogspot.in*